**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 199** **12-10-2026-ൽ മറുപടിയ്ക്ക്**

**എറിയാട് ഗ്രാമപഞ്ചായത്തിലെ മാടവന കുടുംബ ആരോഗ്യ കേന്ദ്രത്തിലെ കിടത്തി ചികിത്സ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** എറിയാട് ബ്ലോക്ക് പഞ്ചായത്ത് നിലവിലുണ്ടായിരുന്ന സമയത്ത് മാടവന കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസവ ചികിത്സ ഉൾപ്പെടെയുള്ള കിടത്തിച്ചികിത്സ ലഭ്യമായിരുന്നത് നിലവിൽ നിർത്തിവെച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിലെ രോഗികളുടെ അമിതമായ തിരക്കും, ഉയർന്ന ജനസാന്ദ്രതയുള്ള എറിയാട്, എടവിലങ്ങ്, മുമ്പ് നിലവിലുണ്ടായിരുന്ന മേത്തല ഗ്രാമപഞ്ചായത്ത് എന്നീ തീരദേശ മേഖലകളിലെ ജനങ്ങളുടെ ആവശ്യകതയും പരിഗണിച്ച്, മാടവന കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി:** നിലവിലെ മാനദണ്ഡ പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രധാനമായും സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ (രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, ചികിത്സാ സാന്ത്വന പരിചരണം, പുനരധിവാസം) എന്നീ സേവനങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയത് മാടവന കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും നൽകി വരുന്നുണ്ട്.

**(ബി)** സ്വകാര്യ ആശുപത്രികളിൽ വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവ് നിയന്ത്രിക്കുന്നതിനും അനാവശ്യ പരിശോധനകൾ നടപ്പാക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സ്വകാര്യ ആശുപത്രികളിൽ വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവ് നിയന്ത്രിക്കുന്നതിനും അനാവശ്യ പരിശോധനകൾ നടപ്പാക്കുന്നത് തടയുന്നതിനുമായി വകുപ്പുതല അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** ഒരേ മരുന്നുകൾക്ക് വിവിധ കമ്പനികൾ വ്യത്യസ്ത വില ഈടാക്കുന്ന സാഹചര്യത്തിൽ ഡോക്ടർമാർ മരുന്നുകളുടെ ബ്രാൻഡ് പേരുകൾക്ക് പകരം ജനറിക് പേരുകൾ എഴുതുന്നത് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

**മറുപടി:** മരുന്നുകളുടെ ബ്രാൻഡ് പേരുകൾക്ക് പകരം ജനറിക് പേരുകൾ തന്നെ പ്രിസ്ക്രിപ്ഷനുകളിൽ എഴുതണമെന്ന് ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പ് കർശനമായ നിർദ്ദേശങ്ങളും ഉത്തരവുകളും ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ,ഡോക്ടർമാർ ഈ നിർദേശം പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന്

സ്ഥാപനതലത്തിലുള്ള പ്രിസ്ക്രിപ്ഷൻ ആഡിറ്റ് കമ്മിറ്റി (Prescription Audit Committee) എല്ലാ മാസവും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്.

**(ഡി)** കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കിടത്തിച്ചികിത്സ നിലവിലുണ്ടായിരുന്ന പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ പ്രസ്തുത ചികിത്സ കുറച്ചു കൊണ്ടുവരുന്ന സാഹചര്യത്തിൽ പെരിഞ്ഞനം സി.എച്ച്.സി.യിൽ കിടത്തിച്ചികിത്സ പൂർണ്ണതോതിൽ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാധാരണയായി 30 കിടക്കകളുള്ള കിടത്തിച്ചികിത്സാ സൗകര്യമാണ് അനുവദിച്ചുവരുന്നത്. എന്നാൽ, പെരിഞ്ഞനം കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 36 കിടക്കകളുള്ള കിടത്തിച്ചികിത്സാ സൗകര്യം ലഭ്യമാണ്. കിടത്തിച്ചികിത്സാ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി ലഭ്യമാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പെരിഞ്ഞനം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ.ഉ.(സാധാ) നം. 3244/2026/ആ.കു.വ., തീയതി: 30.09.2026 പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ കൂടുതൽ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങളോടെ കിടത്തിച്ചികിത്സ ഉൾപ്പെടെയുള്ള ആരോഗ്യ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി നൽകുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പാക്കുന്നതിനും സാധിക്കുന്നതാണ്.

**(ഇ)** കഴിഞ്ഞ രണ്ടു വർഷത്തിൽ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര പേരെയാണ് കിടത്തിച്ചികിത്സയ്ക്ക് വിധേയരാക്കിയതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കഴിഞ്ഞ രണ്ടു വർഷത്തിൽ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 487 പേർക്ക് കിടത്തി ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**